ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 03.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബഹുരാഷ്ട്ര സന്ദർശനം തുടരുന്നു; ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും ഘാനയും ചേർന്ന് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി.**

   **Prime Minister Narendra Modi's Multinational Tour Continues; India and Ghana to Jointly Combat Terrorism, Says PM Modi.**

2. **ഘാനയുടെ ദേശീയ ബഹുമതി പ്രധാനമന്ത്രിക്ക് സമ്മാനിച്ച് പ്രസിഡന്റ് ജോൺ മഹാമ.**

   **Ghana President John Mahama Confers National Honor on Prime Minister Narendra Modi.**

3. **പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 21ന് ആരംഭിക്കും. സമ്മേളനം ഓഗസ്റ്റ് 21 വരെ നീളും.**

   **Monsoon Session of Parliament to Commence on July 21, End on August 21.**

4. പരസ്പര താൽപ്പര്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ഇന്ത്യ-യുഎസ് ബന്ധത്തെ പാകിസ്ഥാൻ ഒരു തരത്തിലും സ്വാധീനിക്കില്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   **India-U.S. Relationship Driven by Mutual Interests, Will Not Be Impacted by Pakistan, Says EAM S. Jaishankar.**

5. കോട്ടയത്ത് നടക്കുന്ന മേഖലാ തല യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പങ്കെടുക്കും; വിവിധ സർക്കാർ പദ്ധതികളുടെ പുരോഗതി വിലയിരുത്തും.

   **CM Pinarayi Vijayan to Review Government Scheme Progress at Regional Meet in Kottayam Today.**

6. എ.എഫ്.സി വനിതാ ഫുട്ബോൾ ഏഷ്യൻ കപ്പ് യോഗ്യതാ മത്സരത്തിൽ ഇറാഖിനെ എതിരില്ലാത്ത അഞ്ച് ഗോളിന് പരാജയപ്പെടുത്തി ഇന്ത്യ.

   **India Secures Dominant 5–0 Win Over Iraq in AFC Women's Qualifier..**

&&&&&&&&&&&&&&&&&&

**PM VISIT-GHANA (INTRO)**

ഇന്ത്യ-ഘാന സമഗ്ര പങ്കാളിത്തത്തിന് രൂപം നൽകാൻ തീരുമാനിച്ചതായി പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഘാന പ്രസിഡന്റുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിലാണ് ഇക്കാര്യം അറിയിച്ചത്. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും ഘാനയും ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. പശ്ചിമേഷ്യയിലും യൂറോപ്പിലും നടക്കുന്ന സംഘർഷങ്ങൾ നയതന്ത്ര ചർച്ചകളിലൂടെ പരിഹരിക്കപ്പെടണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

( വോയിസ്..... )

വ്യാപാരം, നിക്ഷേപം, കൃഷി, സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യങ്ങൾ, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയിൽ സഹകരണം ശക്തമാക്കുന്നത് സംബന്ധിച്ച് കൂടിക്കാഴ്ചയിൽ ചർച്ചയായി. സാംസ്കാരിക രംഗം, ആയുർവേദം, പരമ്പരാഗത വൈദ്യശാസ്ത്രം തുടങ്ങിയ മേഖലകളിലെ നാല് ധാരണാപത്രങ്ങളും ഇന്നലെ ഒപ്പു വച്ചു. ഘാനയുടെ ദേശീയ ബഹുമതിയായ - ഓഫീസർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഘാന - പ്രസിഡന്റ് ജോൺ മഹാമ ശ്രീ മോദിക്ക് സമ്മാനിച്ചു. ഘാനയിലേക്കുള്ള ഔദ്യോഗിക സന്ദർശനത്തിനായി ഇന്നലെ രാത്രി അക്രയിലെത്തിയ പ്രധാനമന്ത്രിക്ക് ഘാന പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണമാണ് ലഭിച്ചത്.

&&&&&&&&&&&&&&&&&&

## PM VISIT-TRINIDAD AND TOBAGO

അഞ്ച് രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി ഇന്ന് രാത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ എത്തും. ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. സന്ദർശന വേളയിൽ, പ്രധാനമന്ത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും. പോർട്ട് ഓഫ് സ്പെയിനിൽ ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തിലും അദ്ദേഹം സംസാരിക്കും.

&&&&&&&&&&&&&&&&&&

## RIJIJU- PARLIAMENT SESSION

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈമാസം 21ന് ആരംഭിക്കും. അടുത്തമാസം 21 വരെ നീളുന്ന സമ്മേളനം വിളിച്ചുചേർക്കാനുള്ള സർക്കാരിന്റെ നിർദ്ദേശം രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകരിച്ചതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. സ്വാതന്ത്ര്യദിനാഘോഷം കണക്കിലെടുത്ത് ഓഗസ്റ്റ് 13, 14 തീയതികളിൽ സഭ ചേരില്ലെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## JAISHANKAR-PAK

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ബന്ധത്തെ പാകിസ്ഥാൻ ഒരു തരത്തിലും ബാധിക്കില്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഇന്ത്യ-യുഎസ് ബന്ധം പരസ്പര താൽപ്പര്യങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണെന്നും മൂന്നാമതൊരു രാജ്യത്തെ അടിസ്ഥാനമാക്കിയല്ലെന്നും അദ്ദേഹം വാഷിംഗ്ടണിൽ നടന്ന വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തലിന് സഹായിച്ചെന്ന യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ അവകാശവാദത്തെ ശ്രീ ജയ്ശങ്കർ നിഷേധിച്ചു. ക്വാഡ് മന്ത്രിതല യോഗത്തിൽ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായും ഓസ്ട്രേലിയ, ജപ്പാൻ വിദേശകാര്യ മന്ത്രിമാരുമായും അദ്ദേഹം ചർച്ച നടത്തി.

&&&&&&&&&&&&&&&&&&

## AMIT SHAH – DRUGS

മയക്കുമരുന്ന് മാഫിയകളെ രാജ്യത്ത് നിന്നും ഒന്നടങ്കം തുടച്ചു നീക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. രാജ്യത്തെ യുവതയെ മയക്കു മരുന്നിന്റെ പിടിയിൽ നിന്ന് സംരക്ഷിക്കാനുള്ള ദൃഢനിശ്ചയത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ആഗോള മയക്കുമരുന്ന് മാഫിയകളിലൊന്നിനെ തകർത്തതിന് നാർകോട്ടിക് കൺട്രോൺ ബ്യൂറോയെയും ഏജൻസികളെയും കേന്ദ്ര മന്ത്രി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&&

## OM BIRLA-CONFERENCE

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ പങ്കെടുക്കുന്ന ദേശീയസമ്മേളനം ലോക്സഭാ സ്പീക്കർ ഓം ബിർള ഇന്ന് ഉദ്ഘാടനം ചെയ്യും. ജനാധിപത്യവും രാഷ്ട്രനിർമ്മാണവും ശക്തിപ്പെടുത്തുന്നതിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്നതാണ് രണ്ട് ദിവസത്തെ സമ്മേളനത്തിന്റെ പ്രമേയം. ഹരിയാനയിലെ മനേസറിൽ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ, ജനാധിപത്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള മികച്ച രീതികൾ, നഗര ഭരണത്തിനായുള്ള നൂതന സമീപനം, പൊതുവിതരണ സംവിധാനവും പൗരന്മാരുടെ ജീവിത നിലവാരവും മെച്ചപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും.

&&&&&&&&&&&&&&&&&&&

## VAISHNAW-CONFERENCE

29-ാമത് അന്താരാഷ്ട്ര മാധ്യമ സാങ്കേതിക സമ്മേളനവും പ്രദർശനവും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ, രാജ്യത്തും വിദേശത്തുമുള്ള പ്രമുഖ പ്രക്ഷേപകർ, മാധ്യമ വ്യവസായ പ്രൊഫഷണലുകൾ, തുടങ്ങിയവർ പങ്കെടുക്കും. മാധ്യമ രംഗത്തെ ഏറ്റവും പുതിയ

ഉൽപ്പന്നങ്ങൾ, അത്യാധുനിക സാങ്കേതികവിദ്യകൾ, സേവനങ്ങൾ എന്നിവ പ്രദർശിപ്പിക്കും.

&&&&&&&&&&&&&&&&&&

## CM-KOTTAYAM

കേരളത്തിൽ, സർക്കാർ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ മേഖലാ അവലോകന യോഗങ്ങൾ പുരോഗമിക്കുന്നു. കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളുടെ യോഗം ഇന്ന് കോട്ടയത്ത് ചേരും. മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, നാല് ജില്ലകളിലെയും കലക്ടർമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## UN-DROUGHT

ലോകത്ത് 2023 മുതൽ 2025 വരെ ഉണ്ടായ വരൾച്ചയുടെ വിനാശകരമായ ആഗോള പ്രത്യാഘാതങ്ങൾ വെളിപ്പെടുത്തി ഐക്യരാഷ്ട്രസഭ പിന്തുണയുള്ള റിപ്പോർട്ട്. ആമസോണിൽ നദികളുടെ ജലനിരപ്പ് ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിലയിലെത്തിയതായും സിംബാബ്വെയുടെ ചോളം വിളവ് 70 ശതമാനം കുറഞ്ഞതായും റിപ്പോർട്ടിൽ പറയുന്നു. ആഫ്രിക്കയിൽ കടുത്ത പട്ടിണി ഒമ്പത് കോടി പേരെ ബാധിച്ചു. മെഡിറ്ററേനിയൻ രാജ്യങ്ങളിൽ വ്യാപക വിളനാശവും ഭൂഗർഭജല ശോഷണവും ഉണ്ടായി.

വർദ്ധിച്ചുവരുന്ന കാലാവസ്ഥാ പ്രതിസന്ധി നേരിടുന്നതിന് അടിയന്തര ആഗോള നടപടി വേണമെന്ന് റിപ്പോർട്ട് ആവശ്യപ്പെടുന്നു.

&&&&&&&&&&&&&&&&&&

## AMARNATH YATRA

38 ദിവസം നീണ്ടുനിൽക്കുന്ന അമർനാഥ് തീർഥ യാത്രക്ക് ഇന്ന് തുടക്കമാകും. പഹൽഗാം , ബാൽതാൽ എന്നീ പാതകളിലൂടെയാണ് അമർനാഥിലേക്കുള്ള യാത്ര. ഈ പ്രദേശങ്ങളിൽ കനത്ത സുരക്ഷ ഒരുക്കിയിട്ടുണ്ട്. ബാൽതാൽ വഴി 2300 പേരും പഹൽഗാമിലൂടെ 3000 തീർഥാടകരുമാണ് യാത്ര നടത്തുന്നത്.

&&&&&&&&&&&&&&&&&&

## JK ENCOUNTER

ജമ്മുകശ്മീരിലെ കിഷ്ത്വാർ ജില്ലയിലെ ചാത്രൂ മേഖലയിൽ സുരക്ഷാ സേനയും ഭീകരവാദികളും തമ്മിൽ ഏറ്റുമുട്ടൽ. കൻസാൽ മൺഡു,കിഷ്ത് വാർ എന്നിവിടങ്ങളിൽ നടന്ന സംയുക്തപരിശോധനയ്ക്കിടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. അമർനാഥ് യാത്രയുടെ പശ്ചാത്തലത്തിലായിരുന്നു സേനയുടെ സുരക്ഷ പരിശോധന.

&&&&&&&&&&&&&&&&&&

## MANDAVIYA ELI-INTRO

എംപ്ലോയ്മെന്റ് ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതിയിലൂടെ അടുത്ത നാല് വർഷത്തിനുള്ളിൽ ജീവനക്കാർക്കും തൊഴിലുടമകൾക്കും ഒരു ലക്ഷം കോടി രൂപ നൽകുമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. പദ്ധതി പ്രകാരം പുതുതായി ജോലിയിൽ പ്രവേശിക്കുന്ന വ്യക്തിക്ക് പ്രതിവർഷം രണ്ടുതവണ ഏഴായിരത്തി അഞ്ഞൂറ് രൂപ ലഭിക്കുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. ( വോയിസ്.....)

2025 ഓഗസ്റ്റ് 1 നും, 2027 ജൂലൈ 31 നും ഇടയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലുകൾക്കാകും എംപ്ലോയ്മെന്റ് ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

&&&&&&&&&&&&&&&&&&

## KHELO BHARAT NIT

ദേശീയ കായിക നയം 2025 സംബന്ധിച്ച് സ്പോർട്സ് അതോരിറ്റി ഓഫ് ഇന്ത്യ ഇന്ന് തിരുവനന്തപുരത്ത് മാധ്യമ സമ്മേളനം സംഘടിപ്പിക്കും. ഖേലോ ഭാരത് നിതി എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ, രാജ്യത്ത് എല്ലാവരെയും ഉൾച്ചേർത്തുള്ള മികച്ച കായിക അന്തരീക്ഷം സൃഷ്ടിക്കുന്ന വിഷയത്തിൽ ചർച്ചകൾ നടക്കും. കായിക രംഗത്തെ വിദഗ്ധർ, മുതിർന്ന ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## FOOTBALL – AFC ASIAN CUP

തായ്ലൻഡിൽ നടക്കുന്ന എ.എഫ്.സി വനിതാ ഫുട്ബോൾ ഏഷ്യൻ കപ്പ് യോഗ്യതാ മത്സരത്തിൽ ഇറാഖിനെ ഇന്ത്യ എതിരില്ലാത്ത അഞ്ച് ഗോളിന് പരാജയപ്പെടുത്തി. ഇതോടെ, ഏഷ്യൻ കപ്പ് യോഗ്യതയിൽനിന്ന് ഒരു പടി മാത്രം അകലെയാണ് ബ്ലൂ ടൈഗ്രസ്സസ്. ശനിയാഴ്ച തായ്ലൻഡിനെതിരെയാണ് ഇന്ത്യയുടെ അടുത്ത മത്സരം.

&&&&&&&&&&&&&&&&&&

## NETANYAHU HAMAS

യുദ്ധാനന്തര ഗസയിൽ ഹമാസ് ഉണ്ടാകില്ലെന്ന് പ്രഖ്യാപിച്ച് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു. യു.എസ് നിർദ്ദേശിച്ച 60 ദിവസത്തെ വെടിനിർത്തലിന് തയ്യാറാണെന്നും എന്നാൽ യുദ്ധം അവസാനിപ്പിച്ച് ഇസ്രായേൽ പൂർണ്ണമായി പിൻവാങ്ങണമെന്നും ഹമാസ് ആവശ്യപ്പെട്ടതോടെയാണ് നെതന്യാഹുവിന്റെ പ്രതികരണം. മേഖലയിൽ വെടിനിർത്തലിനുള്ള ചർച്ചകൾ യുഎസ് പിന്തുണയോടെ കെയ്റോയിൽ നടക്കുമെന്നാണ് സൂചന. അടുത്ത ആഴ്ച യുഎസ് പ്രസിഡന്റുമായി ഇസ്രായേൽ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

## US SHIPMENT TO UKRAINE

റഷ്യക്കെതിരായ യുദ്ധം ശക്തമായി തുടരുന്ന സാഹചര്യത്തിൽ യുക്രൈനിലേക്കുള്ള ആയുധങ്ങളുടെ കയറ്റുമതി അമേരിക്ക നിർത്തിവച്ചു. യുഎസ് സൈനിക

ശേഖരം കുറയുന്നുവെന്ന പ്രതിരോധ വകുപ്പിന്റെ അവലോകനത്തെ തുടർന്നാണ് നടപടി. അമേരിക്കയുടെ താൽപ്പര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്ന തീരുമാനമാണിതെന്ന് വൈറ്റ്ഹൗസ് വക്താവ് അന്ന കെല്ലി പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&